# ദേശീയോദ്ഗ്രഥനം ചില സങ്കീർണ പ്രശ്നങ്ങൾ

**ഹൈദരലി ശാന്തപുരം**
(ഇസ്‌ലാമിക് യൂനിവേഴ്സിറ്റി, മദീന)

**ദേശീയോദ്ഗ്രഥനധ്വനി** ഭാരതത്തിൽ മുഴങ്ങിക്കേൾക്കാൻ തുടങ്ങിയിട്ട് ഒരു ദശാബ്ദത്തോളമായി. ചൈനീസാക്രമണവും ഇന്ത്യാ-പാക് സംഘട്ടനവും ഉദ്ഗ്രഥന പ്രക്രിയകളുടെ ത്വരിതഗതിയെ സാരമായി ബാധിച്ചിരുന്നുവെങ്കിലും ഇയ്യിടെയായി വീണ്ടും അതെപ്പറ്റിയുള്ള അഭിപ്രായ വിചിന്തനങ്ങൾ പുതിയ രൂപത്തിൽ പ്രകടമായിക്കൊണ്ടിരിക്കുന്നു. സാംസ്കാരികൈക്യമെന്നും വൈകാരികസംയോജനമെന്നുമുള്ള ഓമനപ്പേരുകളിലാണിതറിയപ്പെടുന്നത്. ഉദ്ഗ്രഥന ചിന്തകൾ ഉഗ്രമായി വരുംതോറും നാടിന്റെ അന്തരീക്ഷം പൂർവ്വാധികം കരാളമായിക്കൊണ്ടിരിക്കുന്നു. രക്തപങ്കിലമായ കലാപങ്ങളുടെ കണ്ണീരിൽ കുതിർന്ന കഥകൾ രാഷ്ട്രമുഖത്ത് ചെഞ്ചോരകൊണ്ട് ഉല്ലേഖനം ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്നു. അശുഭകരമായ ഈ അവസ്ഥാവിശേഷം ആപൽക്കരമാണെന്നതിൽ പക്ഷാന്തരമില്ല. ബഹുമതസ്ഥരുടെ ജന്മഗേഹമായ ഭാരതത്തിൽ, ബഹുസംസ്കാരങ്ങളുടെ സങ്കലിത ഭൂമിയിൽ, ബഹുഭാഷകൾക്കിടയിൽ ഉദ്ഗ്രഥനം എങ്ങനെ സാധിക്കും -ഇതാണ് അടിസ്ഥാന പ്രശ്നം.

മതധർമ്മമുക്തമായ ഒരു കേവലഭൗതിക വീക്ഷണം ജനഹൃദയങ്ങളിൽ വളർത്തിയെടുക്കലാണ് ഉദ്ഗ്രഥനത്തിന്റെ കാതലായ വശമെന്ന് ചിലർ വാദിക്കുന്നു. മതവും ദൈവവും മിഥ്യയാണെന്നും ഭാരതൈക്യത്തിന്റെ പ്രധാന വിഘാതം മതചിന്തയാണെന്നുമാണിവരുടെ പക്ഷം. "മതദർശനങ്ങൾക്കതീതമായി ഏകസാംസ്കാരിക പൈതൃകത്തെക്കുറിച്ച ബോധം വളർത്തുക മാത്രമാണ് ഇതിനൊരു പോംവഴി"യെന്ന് അവർ വിശ്വസിക്കുന്നു. ജവഹർലാൽ നെഹ്റു മുതൽ തായാട്ടുശങ്കരൻ വരെയുള്ളവർ ഈ വാദഗതിയുടെ വക്താക്കളാണ്. നെഹ്റു തന്റെ ആത്മകഥയിൽ മതത്തിനെതിരെയായി ഘോരയുദ്ധം തന്നെ അഴിച്ചു വിട്ടിട്ടുണ്ടെങ്കിലും ഭാരതീയരെല്ലാം ഏകസംസ്കാരത്തിൽ ലയിച്ചുചേരണമെന്ന് ആഹ്വാനം ചെയ്യാൻ മറന്നിട്ടില്ല.

## എന്താണ് സംസ്കാരം ?

ഏകസംസ്കാര വാദത്തെക്കുറിച്ചും ഭാരതീയ സംസ്കാരത്തെക്കുറിച്ചും വിചിന്തനം ചെയ്യുമ്പോൾ പ്രധാനമായും മനസ്സിലാക്കാനുള്ളത് സംസ്കാരത്തിന്റെ നിർവചനമാണ്. നാം നാഴികക്ക് നാല്പത് വട്ടം ഉരുവിടാറുള്ള സെക്യൂലരിസം, വർഗീയത്വം തുടങ്ങിയ പദങ്ങളെപ്പോലെ ദുർഗ്രഹമാണ് സംസ്കാരമെന്ന പദവും. 'വർഗീയതാ വിധ്വംസകകമ്മിറ്റി' ക്കു പോലും വർഗീയത്വമെന്തെന്ന് നിർവചിക്കാൻ കഴിയാത്തതുപോലെ ഏകസംസ്കാര വാദത്തിന്റെ ഉപജ്ഞാതാക്കൾക്കു പോലും സംസ്കാരമെന്തെന്ന് വിശദീകരിക്കാൻ സാധിച്ചിട്ടില്ല. മതമുക്തമായ ഒരേക സംസ്കാരത്തിന്റെ പ്രോക്താവായ ജവഹർലാൽ തന്റെ ആത്മകഥയിൽ സംസ്കാരത്തിന് നിർവചനം കാണാൻ കയിയാതെ വട്ടം കറങ്ങുന്നതായി കാണാം. കേവലം വസ്ത്രധാരണമോ ഭക്ഷണ രീതിയോ സംസ്കാരത്തിന്റെ നാഴികക്കല്ലുകളാക്കാമോ? ഒരു കാലത്തും ഭക്ഷണ സമ്പ്രദായത്തിലും വസ്ത്രധാരണ രീതിയിലും ഒരേകരൂപമുണ്ടായിട്ടില്ലാത്ത ഭാരതത്തിൽ അത് രണ്ടും സംസ്കാരത്തിന്റെ പ്രതീകങ്ങളായിക്കൂടാ എന്നദ്ദേഹം വിശ്വസിക്കുന്നു. പിന്നെയെന്താണ് സംസ്കാരം?

ഭാരതവൽക്കരണ പ്രസ്ഥാനത്തിന്റെ അനിഷേധ്യ നേതാവായ പുത്തേഴത്ത് രാമമേനോൻ എഴുതുന്നു: "സംസ്കാരം ഉടുപ്പിലും നടപ്പിലുമല്ല. പൊക്കണത്തിലും പോക്കറ്റിലുമല്ല! അത് ഹൃദയത്തിലും പെരുമാറ്റത്തിലുമാകുന്നു. ജീവിതത്തെ നിയന്ത്രിക്കുന്ന ചില മൂല്യങ്ങളുടെ സ്വീകരണത്തിലും അവയെ സ്വാനുഭവപ്പെടുത്തുന്നതിലുമാണ് സംസ്കാരം കുടികൊള്ളുന്നത്.

(ഒരു രാഷ്ട്രവും ജനതയും, പേജ് 77)

സി. രാജഗോപാലാചാരി പറയുന്നു:"സംസ്കാരമെന്നത് സാക്ഷരത്വമല്ല. വീണ വായിക്കാനുള്ള കഴിവിനും സംസ്കാരമെന്നു പറഞ്ഞുകൂടാ. പൊതുവെയുള്ള പെരുമാറ്റം, സംഭാഷണം, നടത്തം എന്നിവയെസ്സംബന്ധിക്കുന്ന ഒന്നാണ് സംസ്കാരം. ......സംസ്കാരമെന്നത് സ്വഭാവ ശുദ്ധിയോ സന്മാർഗ ബോധമോ അല്ല. ഒരു മനുഷ്യന്റെ അന്തഃസത്തയാണ് സ്വഭാവം. സംസ്കാരമെന്നത് അകത്തെ കാര്യമല്ല, പുറത്തെ സംബന്ധിക്കുന്ന ഒന്നാണ്. പെരുമാറ്റം, ജീവിത സമ്പ്രദായം എന്നിവയോടാണ്, സ്വഭാവത്തിനോടല്ല, സംസ്കാരത്തിന് കൂടുതൽ ബന്ധമുള്ളത്."

(നമ്മുടെ സംസ്കാരം, പേജ് 10)

ഡോക്ടർ രാധാകൃഷ്ണൻ പ്രസ്താവിക്കുന്നു: "ഒരു സംസ്കാരത്തിന്റെ യഥാർഥ സ്വഭാവം അതിന്റെ

ബാഹ്യരൂപങ്ങളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നുമല്ല നിർണയിക്കേണ്ടത്; മാനസികാപദാനങ്ങളിൽ നിന്നും ആദ്ധ്യാത്മിക മൂല്യങ്ങളിൽനിന്നുമാണ്. മതം സംസ്കാരത്തിന്റെ കാതലാണ്. സാമുദായിക വ്യവസ്ഥയാകുന്ന ശരീരത്തിലെ ആത്മാവാണ് അതെന്നു പറയാം."

(മതം-പൗരസ്ത്യ രാജ്യങ്ങളിൽ, പേജ് 49)

## മതവും സംസ്കാരവും

ചുരുക്കത്തിൽ, സംസ്കാരത്തിന്റെ അകക്കാമ്പ് മനുഷ്യമനസ്സിന്റെ അഗാധതയിൽ ആണ്ടിറങ്ങിയ ചില മൂല്യങ്ങളുടെ സാത്മീകരണവും തജ്ജന്യമായ ജീവിതക്രമങ്ങളുടെ സ്വീകരണവുമാണ്. രാധാകൃഷ്ണൻ പറഞ്ഞതുപോലെ സംസ്കാരത്തിന്റെ കാതൽ മതമാണ്. മനുഷ്യന്റെ ആദർശ വിശ്വാസങ്ങളിൽ നിന്നുദ്ഭൂതമല്ലാത്ത സംസ്കാരം അപൂർണമാണ്. മതവിശ്വാസിയായ മനുഷ്യനെസ്സംബന്ധിച്ചിടത്തോളം മതമുക്തമായ ഒരു സംസ്കാരം അചിന്ത്യമത്രെ. മതമേതായാലും ഏതു സംസ്കാരത്തോടും ലയിച്ചുചേരാമെന്ന വാദം മതത്തെക്കുറിച്ച അജ്ഞതയാണ്. ഗാന്ധിജി പറഞ്ഞു:

"ഒരു മനുഷ്യന്നും മതത്തെക്കൂടാതെ ജീവിക്കുക സാധ്യമല്ല; തങ്ങളുടെ യുക്തി വിചാര ശക്തിയുടെ ഗർവ്വു നിമിത്തം മതവുമായി ഞങ്ങൾക്കു ഒരു ബന്ധവുമില്ലെന്ന് പ്രഖ്യാപിക്കുന്ന ചില ആളുകളുണ്ട്. പക്ഷെ അത്, 'താൻ ശ്വാസം കഴിക്കുന്നുണ്ട്, എങ്കിലും എനിക്ക് മൂക്കില്ല' എന്ന് ഒരാൾ പറയുന്നതുപോലെയാകുന്നു.

"സത്യത്തോടുള്ള എന്റെ ഭക്തി എന്നെ രാഷ്ട്രീയ ക്ഷേത്രത്തിലേക്ക് ആകർഷിച്ചിരിക്കുന്നു. ലവലേശം സങ്കോചമില്ലാതെ, എന്നാൽ ഏറ്റവും വിനീതനായി എനിക്കു പറയാൻ കഴിയും, മതത്തിന് രാജ്യകാര്യങ്ങളുമായി യാതൊരു ബന്ധവുമില്ലെന്ന് പറയുന്നവർക്ക് മതത്തിന്റെ അർത്ഥമെന്തന്നറിഞ്ഞുകൂടെന്ന്."

(നെഹ്റുവിന്റെ ആത്മകഥ, പേജ് 654-655)

മതവിരുദ്ധനായ നെഹ്റു ഗാന്ധിജിയുടെ ഈ വാക്കുകൾ ഉദ്ധരിച്ചത് മതഭർത്സനം നടത്തുന്നതിനിടയിലാണെങ്കിലും 'മത' മെന്തെന്ന് തിട്ടപ്പെടുത്തി പറയാൻ അദ്ദേഹത്തിന് സാധിച്ചിട്ടില്ല.

മതവും, ജീവിതവുമായി അശേഷം ബന്ധമില്ലെന്ന് വാദിക്കുന്നവരും മതം മനുഷ്യനെ മയക്കുന്ന അഫീനാണെന്ന് വാദിക്കുന്നവരെപ്പോലെതന്നെ തങ്ങളുടെ വിഡ്ഢിത്തമാണ് വിളംബരം ചെയ്യുന്നത്. ദാർശനികനായ രാധാകൃഷ്ണൻ പറയട്ടെ:

"മതങ്ങൾ അവയുടെ ഏറ്റവും ശ്രേഷ്ഠമായ രൂപത്തിൽ നമ്മളോട് അനുശാസിക്കുന്നത്, വിശ്വാസത്തെ ആശ്ലേഷിക്കണമെന്നതിനേക്കാളേറെ നമ്മുടെ ജീവിത വൃത്തികൾ സംശുദ്ധമാക്കാനാണ്. വേദാനുസരണത്വം എന്നു പറയുന്നത് നമ്മുടെ വിശ്വാസ പ്രഖ്യാപനങ്ങളിൽ ഒതുങ്ങി നിൽക്കുന്ന ഒന്നല്ല. വിശ്വാസം ജീവിതത്തിൽ സാക്ഷാത്കരിക്കുക എന്നതും അതിന്റെ ഒരു ഭാഗമാണ്..... നാം നമ്മുടെ ദൈനംദിന ജീവിതവൃത്തികളിൽ മതത്തെ ആവിഷ്കരിക്കുകയാണ് വേണ്ടത്. വാക്കുകളിലൂടെ പ്രഖ്യാപിച്ചാൽ മാത്രം പോരാ....

"മതം സജീവവും വ്യാപകവുമല്ലെങ്കിൽ, മനുഷ്യ ജീവിതത്തിന്റെ എല്ലാ മണ്ഡലങ്ങളിലേക്കും വ്യാപിക്കാനും എല്ലാ തരത്തിലുമുള്ള മനുഷ്യപ്രവർത്തനങ്ങളേയും നിയന്ത്രിക്കാനും അതിന് കഴിയുന്നില്ലെങ്കിൽ അത് കേവലം ഒരു പുറംപൂച്ചു മാത്രമാണ്. അന്തഃസത്തയുള്ള ഒരു യാഥാർത്ഥ്യമല്ല. എന്നാൽ നമ്മുടെ വിശ്വാസം ജീവിതമണ്ഡലങ്ങൾക്കാകെ ബാധകമാണെന്നും ഈ വിശ്വാസാവലംബികൾ പ്രവർത്തിക്കേണ്ടത് അവർ പ്രഖ്യാപിക്കുന്ന തത്വങ്ങൾക്കനുസരണമായി വേണമെന്നും നാം ആത്മാർത്ഥമായി വിശ്വസിക്കുന്നെങ്കിൽ വ്യക്തിയുടെയും സമുദായത്തിന്റെയും ശാശ്വത ക്ഷേമത്തിനുള്ള ഒരു മാർഗമെന്ന നിലക്ക് മതം എത്ര അമൂല്യമായിട്ടുള്ളതാണെന്ന് നമുക്ക് ബോധ്യപ്പെടാതിരിക്കാൻ ന്യായമില്ല."

(വിശ്വാസത്തിലേക്ക് വീണ്ടും, പേജ് 35, 36)

ഈ വാക്കുകൾ സൂചിപ്പിക്കുന്നപോലെ മാനവജീവിതത്തിന്റെ സകലമാന മണ്ഡലങ്ങളിലേക്കും വെളിച്ചം വീശുന്ന ദീപനാളമാണ് മതം. സംസ്കാരവും മതവും മനുഷ്യജീവിതവുമായി സമന്വയിച്ചു കിടക്കുന്നതിനാൽ മതത്തേയോ സംസ്കാരത്തേയോ ജീവിതത്തിൽനിന്നടർത്തിയെടുക്കുക വയ്യ. മതത്തെ സംസ്കാരത്തിൽനിന്നും സംസ്കാരത്തെ മതത്തിൽനിന്നും വേർപെടുത്തി നിർത്താൻ കഴിയാത്തതുപോലെ. മതദർശനങ്ങൾക്കതീതമായ ഒരേക സംസ്കാരവാദം മതത്തെക്കുറിച്ചും സംസ്കാരത്തെക്കുറിച്ചുമുള്ള അജ്ഞതയാണ് വിളിച്ചോതുന്നത്.

## അജ്ഞാതമായ ഭാരത സംസ്കാരം

'മത ദർശനങ്ങൾക്കതീതമായി ഭാരതത്തിന്റെ ഏകസാംസ്കാരിക പൈതൃകം അംഗീകരിക്കുകയും പിതൃജന്യമായ ഇന്ത്യൻ സംസ്കാരത്തിൽ ഇഴുകിച്ചേരുകയുമാണ് ദേശീയോദ്ഗ്രഥനത്തിന്റെ കാതലായ വശമെന്ന് ചില 'ബുദ്ധിജീവികൾ' വാദിക്കുന്നു. കേൾക്കാൻ കൗതുകമുള്ളൊരു വാദഗതിയാണിതെങ്കിലും സൂക്ഷ്മാപഗ്രഥനത്തിൽ ഇതൊരു തട്ടിപ്പാണെന്ന് ബോധ്യപ്പെടും.

ഭാരത സംസ്കാരത്തിന് രൂപം നൽകണമെങ്കിൽ ഭാരതം എവിടെനിന്നാരംഭിക്കുന്നുവെന്നും ഭാരത സംസ്കാരത്തിന്റെ രൂപരേഖ വരഞ്ഞുകാണിച്ച യഥാർഥ ഭാരതീയർ ആരാണെന്നും സ്ഥിരപ്പെടേണ്ടതുണ്ട്. തായാട്ടു ശങ്കരൻ പറഞ്ഞപോലെ 'ഇന്ത്യയുടെ ചരിത്രം എന്നാരംഭിക്കുന്നുവെന്ന് വ്യക്തമല്ല.' ഭാരതത്തിലെ ആദിവാസികൾ ആരാണെന്നും ഭാരതത്തിന്റെ മണ്ണിൽതന്നെ പെറ്റുവീണ ജനസമൂഹമേതെന്നും ആർക്കും തറപ്പിച്ചു പറയാൻ കഴിഞ്ഞിട്ടില്ല. ദ്രാവിഡരാണിവിടത്തെ ആദിവാസികളെന്നും നാലായിരം വർഷങ്ങൾക്കു മുമ്പ് മധ്യേഷ്യയിൽനിന്ന് അധിനിവേശം ചെയ്ത ആര്യന്മാർ ഇവിടെ കുടിയേറിപ്പാർത്തവരാണെന്നും ഒരു വിഭാഗം ചരിത്ര ഗവേഷകർ അഭിപ്രായപ്പെടുന്നു. മറ്റൊരു പക്ഷത്തിന്റെ അഭിമതം, മെഡിറ്ററേനിയൻ പ്രദേശങ്ങളിൽ നിന്ന് കുടിയേറിപ്പാർത്ത നെഗ്രിറ്റോകളും കോലാര്യന്മാരും ആസ്ത്രലോയഡുകളുമാണ് ഇവിടത്തെ പൂർവനിവാസികളെന്നും യുദ്ധക്കൊതിയന്മാരായ ദ്രാവിഡരും ആര്യരും പിന്നീട് അതിക്രമിച്ചു കടന്ന ജനവിഭാഗങ്ങളാണെന്നുമാണ്.

ചുരുക്കത്തിൽ ഭാരത സംസ്കാരത്തിന് അടിത്തറപാകിയവരെന്ന് അവകാശപ്പെടാവുന്ന ജനവിഭാഗമേതെന്നകാര്യം ഇതുവരെ തീർച്ചപ്പെട്ടിട്ടില്ല.

സമന്വയത്തിലൂടെ രൂപപ്പെടുത്തിയ ആര്യ-ദ്രാവിഡ സംസ്കാരമാണ് ഇന്ത്യൻ സംസ്കാരത്തിന്റെ ഹൃദയരക്തമെന്ന് ഭാരതവത്കരണ വാദികൾ ഘോഷിക്കുന്നു. ഇന്ത്യയുടെ പൈതൃകമെന്ന് ദുന്ദുഭിഘോഷം നടത്തുന്ന ഈ ആര്യ-ദ്രാവിഡ സംസ്കാരത്തിന്റെ

ആധാരശിലയെന്തെന്ന കാര്യം പലരും സൗകര്യപൂർവം മറച്ചുവെക്കുകയാണ് പതിവ്. ആര്യന്മാരുടെ ആഗമനം സൗഹാർദ്ദ സന്ദർശനത്തിനു വന്ന അതിഥികളുടെ വരവേല്പായിരുന്നില്ല. സമരോത്സുകരായ ഒരു ജനവിഭാഗത്തിന്റെ പടഹധ്വനി മുഴക്കിക്കൊണ്ടുള്ള പടയാത്രയായിരുന്നു. മോഹഞ്ചദാരോവിൽ പൗരാണിക ജനത പടുത്തുയർത്തിയ നാഗരികതയുടെ ഉത്തുംഗ സൗധത്തെ നിലംപതിപ്പിച്ചുകൊണ്ടാണ് ആര്യന്മാർ തങ്ങളുടെ വൈദേശിക സംസ്കാരത്തിന്റെ ദന്തഗോപുരങ്ങൾക്കസ്തിവാരമിട്ടത്. ദിഗ്വിജയികളായ ആര്യന്മാർ ആയുധം വെച്ചു കീഴടങ്ങിയ ദ്രാവിഡന്മാരോട് അനുവർത്തിച്ചിരുന്ന നയം മനുഷ്യത്വ വിഹീനമായിരുന്നുവെന്ന് ചരിത്രം ഘോഷിക്കുന്നു. ഭാരതേതിഹാസങ്ങളുടെ ആധികാരിക ഗ്രന്ഥങ്ങളായ വേദോപനിഷത്തുകളിൽ പോലും ഈ വസ്തുതയെ സ്ഥിരീകരിക്കുന്ന പ്രതിപാദനങ്ങൾ കാണാം. ചാതുർവർണ്യത്തിലധിഷ്ഠിതമായ മനുഷ്യവിഭജനം തന്നെ ദ്രാവിഡന്മാരെ ശൂദ്രരും ചണ്ഡാലരുമായി ചിത്രീകരിക്കാൻ ആര്യന്മാർ സ്വീകരിച്ച ഒരു കുറുക്കു വഴിയായിരുന്നു. ആര്യസംസ്കാരത്തിന്റെ അപോസ്തലനായ ശങ്കരന്നുപോലും ഈ യാഥാർഥ്യം മറച്ചുവെക്കാൻ കഴിഞ്ഞിട്ടില്ല. 'സോഷ്യലിസത്തിനൊരു മുഖവുര' യെഴുതുന്നതിന്നിടയിൽ ആര്യസംസ്കാരത്തെക്കുറിച്ചദ്ദേഹം ഉപന്യസിക്കുന്നു:

"ലോകാസമസ്താ സുഖിനോഭവന്തു" എന്നത് ഇന്ത്യയിൽ കടന്നുവന്ന ആര്യന്മാരുടെ മുദ്രാവാക്യമായിരുന്നു. സമസ്ത ലോകത്തിനും സുഖം ഭവിക്കട്ടെ എന്ന ആശംസയിൽ അടങ്ങിയ ഉദാരഗംഭീരമായ ജീവിത ദർശനം വാഴ്ത്തപ്പെടേണ്ടതു തന്നെ. പക്ഷെ, മനുഷ്യവർഗത്തിന് സുഖം ഭവിച്ചുവോ? ആര്യവർഗം ഇന്ത്യയിൽ വാർത്തെടുത്ത സമുദായത്തിന്റെ രൂപ സംവിധാനം എന്താണ്? ഒരറ്റത്ത് "മഹാ ബ്രാഹ്മണ" രും മറ്റേ അറ്റത്ത് "നികൃഷ്ടരായ പഞ്ചവരും" അടങ്ങിയ ഒരു സമൂഹ ശ്രേണിയാണ് അവർ പടുത്തുയർത്തിയത്. ഒരറ്റത്ത് ചക്രവർത്തിയും മറ്റേ അറ്റത്ത് യാചകരും അടങ്ങിയ ഒരു ഭരണ സംവിധാനമാണ് അവരിൽനിന്ന് ഉരുത്തിരിഞ്ഞു വന്നത്."

(ചന്ദ്രിക റിപ്പബ്ലിക് വിശേഷപ്പതിപ്പ്, 1970)

"അഹിംസ, ആസ്തേയം, തപസ്സ്, സ്വാദ്ധ്യായം മുതലായവയാണ് ഭാരത സംസ്കാരത്തിന്റെ മൗലിക തത്വങ്ങളെ"ന്ന് പുത്തേഴത്ത് രാമമേനോൻ 'ഒരു രാഷ്ട്രവും ജനതയും' എന്ന ഗ്രന്ഥത്തിൽ പ്രസ്താവിക്കുന്നു. എന്നാൽ ഭാരതീയ സംസ്കാരത്തിന്റെ പ്രമാണ ഗ്രന്ഥങ്ങളായ വേദോപനിഷത്തുക്കളിൽ വിധ്വംസക പ്രവണതയെയും ആക്രമണോത്സുകതയേയും വാഴ്ത്തിപ്പറയുന്ന ഒട്ടധികം പ്രതിപാദനങ്ങൾ കാണാം. നിത്യചൈതന്യയതി ഇക്കാര്യം വെട്ടിത്തുറന്നു പറയുന്നു:

"വേദങ്ങൾ ഏറ്റവും നികൃഷ്ടമായിട്ടുള്ള ഹിംസക്കനുമതി നൽകുന്നുവെന്നു മാത്രമല്ല, അവയെല്ലാം ചെയ്യേണ്ടതുതന്നെയാണെന്ന് വിവരിച്ചിരിക്കുന്ന ഒട്ടേറെ മന്ത്രങ്ങളുണ്ട്. നിഷ്പക്ഷമതികളായിട്ടുള്ള ആർക്കും അത് കണ്ടില്ലെന്ന് ഭാവിക്കുവാൻ കഴിയുന്നതല്ല. ഹിന്ദുക്കളുടെ ഏറ്റവും ഉൽകൃഷ്ടമായി ശ്രുതി, വേദമാണെന്നു പറയുമ്പോൾ തന്നെ, അതേ നാവുകൊണ്ട് അതിൽ ഏറ്റവും ഹീനമായ മന്ത്രങ്ങളുണ്ടെന്നു കൂടി പറയേണ്ടി വരുന്നത് ഏതൊരു പണ്ഡിതനും ദുഃഖകരമായ അനുഭവം തന്നെയാണ്. " ('ഗുരുകുലം' മാസിക)

ആര്യദ്രാവിഡ സമ്മിശ്രമായ ഭാരതീയ സംസ്കാര സങ്കല്പം വഞ്ചനാത്മകമായ ഒരു പുറംപൂച്ചുമാത്രമാണെന്നു സാരം. മിഥ്യയായ ഈ സംസ്കാര സൗധത്തിന്റെ ഉയിർത്തെഴുന്നേൽപ് മാനുഷ്യകത്തെ കിരാതമായ തമോയുഗത്തിലേക്ക് മാടിവിളിക്കുന്നു.

## പരസ്യമായൊരു രഹസ്യം

യാഥാർഥ്യത്തിന്റെ അഗാധതയിലേക്കാണ്ടിറങ്ങിച്ചിന്തിക്കുമ്പോൾ പരസ്യമായ ഒരു രഹസ്യം പകൽ വെളിച്ചം പോലെ പുറത്തുവരുന്നതു കാണാം. ആര്യ-ദ്രാവിഡ സംസ്കാരമെന്നതുകൊണ്ട് ഭാരത വൽക്കരണസിദ്ധാന്തികൾ അർഥമാക്കുന്നത് മതാധിഷ്ഠിതമായ ഹിന്ദുസംസ്കാരമല്ലാതെ മറ്റൊന്നുമല്ല. സർവ്വമത സത്യവാദത്തിന്റെയും മതേതരത്വത്തിന്റെയും 'ഓൾസെയിലു' കാരായി അറിയപ്പെടുന്ന പലരും അന്തർഗതം പുറത്തു പറയാൻ മടിക്കുന്നുവെന്ന് മാത്രം.

ഹിന്ദു വർഗീയതയുടെ പുനരുത്ഥാന യജ്ഞത്തിൽ ജീവസർവ്വസ്വം ഉഴിഞ്ഞുവെച്ച പലരും ഈ യാഥാർഥ്യം കലവറ കൂടാതെ തുറന്നു പറഞ്ഞിട്ടുണ്ട്.

ആത്മാരാമൻ എഴുതുന്നതു കാണുക: "ഭാരതീയ സംസ്കാരത്തിന്റെ തന്നെ മറ്റൊരു പേരാണ് ഹൈന്ദവ സംസ്കാരമെന്നത്. ഭാരതീയ സംസ്കാരത്തിന്റെ ഊട് പാകിയിരിക്കുന്ന ഇഴകൾ ആര്യ സംസ്കാരത്തിന്റെ അഥവാ ഹൈന്ദവസംസ്കാരത്തിന്റെ ഇഴകൾ തന്നെയാണ്."

(ഭാരതീയ സംസ്കാരം, പേജ് 5–6)

അദ്ദേഹം തുടർന്നെഴുതുന്നു: "ഭാരതം ഹിന്ദുക്കളുടെ രാജ്യമാണ്; 'ഹിന്ദുസ്ഥാന' മെന്ന പേരുതന്നെ അതിനു ദൃഷ്ടാന്തമാണ്. ഹൈന്ദവ സംസ്കാരമാണ് ഭാരതത്തിന്റെ സംസ്കാരം. ഭാരത സ്വാതന്ത്ര്യത്തിന്റെ യഥാർഥ സ്വരൂപം ഭാരതീയ സംസ്കാരത്തെ അഥവാ ഹൈന്ദവ സംസ്കാരത്തെ സംരക്ഷിക്കുകയെന്നതാണ്." (പേജ് 28)

ആര്യ സംസ്കാരമെന്നും ഭാരത സംസ്കാരമെന്നുമുള്ള സുന്ദരപ്രയോഗങ്ങൾക്കൊണ്ടുദ്ദേശിക്കപ്പെടുന്നത് ഹിന്ദു സംസ്കാരമല്ലാതെ മറ്റൊന്നുമല്ലെന്നും, ഭാരതം ഹിന്ദുക്കളുടേത് മാത്രമാണെന്നും സുതരാം സുവ്യക്തമായിത്തന്നെ ഈ വാക്കുകൾ കുറിക്കുന്നു.

പുത്തേഴത്ത് രാമമേനോൻ ശൈലി അല്പമൊന്നുമാറ്റിയിട്ടുണ്ടെങ്കിലും 'ഇന്ത്യ, ഹിന്ദു, ഭാരതം' എന്ന സിദ്ധാന്തത്തിലേക്കു തന്നെയാണ് നമ്മെ ക്ഷണിക്കുന്നത്:

"ക്രിസ്ത്യാനിറ്റിയും മുഹമ്മദാനിസവും ഉണ്ടാകുന്നതിന്ന് സഹസ്രാബ്ദങ്ങൾക്ക് മുമ്പുണ്ടായതാണ് 'ഇന്ത്യ, ഹിന്ദു, ഭാരതം.' രാമായണവും ഭാരതവും മറ്റും ഹിന്ദുക്കളുടെ മാത്രമല്ല, ഇന്ത്യക്കാരുടെ മുഴുവനുമാണ്. അവയൊന്നും പുറമെ നിന്നു വന്ന 'പറങ്കിമാവും' 'കടൽചക്ക' യും അല്ല; ഇന്ത്യയിൽ മുളച്ചു വളർന്നു നിലനിന്നു പോന്നിട്ടുള്ളവയാണ്." (ഒരു രാഷ്ട്രവും ജനതയും, പേജ് 24)

ഹിന്ദു സംസ്കാരം മാത്രമാണിവിടത്തെ യഥാർഥ സംസ്കാരമെന്നും ഇസ്‌ലാമും ക്രിസ്തുമതവും പുറമെ നിന്നു കടന്നുവന്നതാണെന്നും സാരം. ആര്യ-ദ്രാവിഡന്മാർ ഭാരതത്തിൽ അധിനിവേശം ചെയ്തതാണെന്നും അവരാൽ പടുത്തുയർത്തപ്പെട്ട സംസ്കാരം വൈദേശികമായിരുന്നുവെന്നുമുള്ള ചരിത്ര സത്യത്തെ വ്യഭിചരിക്കുന്നവർക്കേ ഇത് വാദിക്കാനാവൂ. ഈ ചരിത്ര വസ്തുതയെ മറികടക്കാനെന്നോണം ആര്യവർഗവും ദ്രാവിഡവർഗവും കേവലം കെട്ടുകഥകളാണെന്ന പുതിയൊരു 'സത്യം' ചില ഗൃധ്രദൃഷ്ടികൾ കണ്ടുപിടിച്ചിരിക്കുന്നു. 'ആര്യനുമില്ല,

ദ്രാവിഡനുമില്ല' എന്ന ശീർഷകത്തിൽ 1970ലെ 'കേസരി' വാർഷികപ്പതിപ്പിൽ പി. ദാമോദരൻ പിള്ള എഴുതിയ ലേഖനം ഇതിനൊരു ദൃഷ്ടാന്തമാണ്.

### ഹിന്ദു മതം ഒരു കടംകഥ

ഭാരത വല്കരണ വാദികളുടെ അന്തരാളത്തിലുള്ള സംസ്കാരത്തിന്റെ യഥാർത്ഥ ചിത്രം ഹിന്ദു സംസ്കാരം തന്നെയാണെന്ന വസ്തുതയാണിവിടെ സൂചിപ്പിച്ചത്. എന്നാൽ ആ സംസ്കാരത്തിന് അടിത്തറ പാകിയ ഹിന്ദു മതത്തിന്റെ മൂല്യപ്രമാണങ്ങളെന്തെന്നും അവയുടെ കർത്താക്കളാരെന്നും ചിന്തിക്കുമ്പോൾ ഉത്തരം കിട്ടാത്ത ഒരു കടംകഥയായി നമുക്കനുഭവപ്പെടും. ജവഹർലാൽ നെഹ്റു പറയുന്നത് കാണുക:

"മതമെന്ന വാക്കിന്റെ സാധാരണാർത്ഥത്തിൽ, ഹിന്ദുമതം ഒരു മതമേ അല്ലെന്ന് പലപ്പോഴും പറയപ്പെട്ടിട്ടുള്ളതാണല്ലോ. എന്നിട്ടും അതിന് എന്തൊരത്ഭുതാവഹമായ ദാർഢ്യം, ശേഷിച്ചു നിൽപാനുള്ള എന്തൊരു മഹാശക്തി! ഒരാൾക്ക് താനൊരു നാസ്തികനാണെന്നും പുരാതനഹിന്ദു ദാർശനികനായ ചാർവാകൻ ചെയ്തതുപോലെ പ്രഖ്യാപിക്കാം. എന്നാലും അയാൾ ഹിന്ദുവല്ലാതായി എന്നു പറയുവാൻ ആർക്കും പാടില്ല. ഹിന്ദുമതം അതിന്റെ സന്താനങ്ങളെ വിടാതെ പറ്റിപിടിക്കുന്നു --ഏതാണ്ടവിടെ എതിർപ്പുണ്ടായിട്ടുകൂടി. ഞാനൊരു ബ്രാഹ്മണനായി ജനിച്ചു. ഞാൻ മതത്തേയോ സാമുദായികാചാരങ്ങളേയോ കുറിച്ച് എന്തു പറഞ്ഞാലും പ്രവർത്തിച്ചാലും ഞാനൊരു ബ്രാഹ്മണനായിത്തന്നെയിരിക്കയാണെന്നു തോന്നുന്നു. ഭാരതീയ ലോകത്തിന് ഞാൻ 'പണ്ഡിത' ഇന്നയാളാണ്-- ഇതോ മറ്റേതെങ്കിലും ബഹുമതി വിശേഷണമോ എന്റെ പേരോട് കൂട്ടിച്ചേർക്കരുതെന്ന് ഞാൻ ആഗ്രഹിക്കുന്നുവെങ്കിൽ കൂടി." (നെഹറുവിന്റെ ആത്മകഥ, പേ:207-208)

ഹിന്ദുമതത്തെക്കുറിച്ച് മതമെന്ന വാക്ക് പ്രയോഗിക്കുന്നതുതന്നെ തെറ്റാണെന്നും പരസ്പര വിരുദ്ധങ്ങളായ ആശയാദർശങ്ങളുടെ സമുച്ചയമാണതെന്നും ഹിന്ദുവായി ജനിച്ചതിൽ വ്യംഗ്യമായി വ്യഥ രേഖപ്പെടുത്തിക്കൊണ്ട് നെഹ്റു പറയുന്നു.

പുത്തേഴത്ത് രാമമേനോൻ പറയുന്നതിങ്ങനെയാണ്: "ആളില്ലാത്ത, ഗ്രന്ഥകർത്താവില്ലാത്ത ഗ്രന്ഥങ്ങളാണ് ഹിന്ദുക്കളുടെ അടിസ്ഥാന ഗ്രന്ഥങ്ങൾ. വേദോപനിഷത്തുക്കളാണ് ഹിന്ദുക്കളുടെ പ്രമാണ ഗ്രന്ഥങ്ങൾ. എന്നാൽ അവയെ ആരുണ്ടാക്കി, അവ എന്നുണ്ടായി എന്നുള്ള ചോദ്യങ്ങൾ ഇന്നും ചോദ്യങ്ങൾ മാത്രമാകുന്നു. മാത്രമല്ല, അവയൊന്നു ഹിന്ദുക്കൾക്ക് വേണ്ടിയുള്ള 'മതഗ്രന്ഥങ്ങളു"മല്ല.' (ഒരു രാഷ്ട്രവും ജനതയും, പേ: 31)

ആളും കർത്താവും അടിസ്ഥാനവുമില്ലാത്ത ഗ്രന്ഥങ്ങളാണ് ഹിന്ദുക്കളുടെ 'അടിസ്ഥാന' ഗ്രന്ഥങ്ങളെന്നും അവയൊന്നും മതഗ്രന്ഥങ്ങളല്ലെന്നുമാണ് പുത്തേഴൻ പറയുന്നത്. പിന്നെ എന്താണ് ഹിന്ദുമതം? അപഗ്രഥിക്കാൻ കഴിയാത്ത ഒരു പ്രഹേളികയായി അതിന്നും അവശേഷിക്കുന്നു.

### ദേശിയത്വവും ഇന്ത്യയും

ദേശിയോദ്ഗ്രഥന ചിന്തകൾക്ക് ചൂടുപിടിക്കുമ്പോൾ മുഴങ്ങിക്കേൾക്കുന്ന ഒരു ശബ്ദമാണ് ദേശിയത്വം. ദേശക്കൂറിന്റെ കുത്തകക്കാരുടെ ജിഹ്വകൾ ഇന്ത്യൻ പൗരന്മാരിൽ പലരുടേയും മേൽ ദേശീയവിരുദ്ധാരോപണം വിസർജ്ജിക്കാറുണ്ട്. 'തെറ്റായാലും ശരിയായാലും എന്റെ രാജ്യം വലുത്' എന്ന ഈ ചിന്താഗതി പൗരാണിക ഭാരതത്തിന് അജ്ഞാതമാണ്. സത്യം, സമത്വം, സ്വാതന്ത്ര്യം എന്നിവ മൂലതത്വങ്ങളായിക്കരുതിയ ഭാരതം വിദ്വേഷ വികാരങ്ങളുടെ വിഷബീജം കുത്തിവെക്കുന്ന ദേശീയത്വത്തെ ഒരിക്കലും സ്വാഗതം ചെയ്തിട്ടില്ല.പണ്ഡിറ്റ് ജവർലാൽ നെഹ്റു പറയുന്നതു കാണുക:

"ദേശീയത പ്രധാനമായി ഒരു വിദ്വേഷ വികാരമാകുന്നു. മറ്റു ദേശീയ വിഭാഗങ്ങളുടെ നേർക്കുള്ള പ്രത്യേകിച്ച് ഒരടിമരാജ്യത്തിലെ വിദേശീയ ഭരണാധികാരികളോടുള്ള പകയും വെറുപ്പും തിന്നു തടിക്കുകയാണ് അത് പതിവ്."

(നെഹ്റുവിന്റെ ആത്മകഥ, പേ:132)

അമിതമായ ദേശഭക്തി ഭാരതീയ സംസ്കാരത്തിന്റെ മൗലികതത്വത്തിന്നെതിരായ, പാശ്ചാത്യൻ സൃഷ്ടിയാണെന്നാണ് ഡോ. രാധാകൃഷ്ണൻ പറയുന്നത്:

"ഭാരതീയ സംസ്കാരത്തിന്റെ മൗലികതത്വം മനുഷ്യസ്നേഹമാണ്. ലോകത്തെ മുഴുവൻ അത് ഒരു കുടുംബമായിട്ടാണ് കാണുന്നത്...... എന്നാൽ ആധുനിക യുഗം രാഷ്ട്രീയത്തേയാണ് മുഖ്യതത്വമായി സ്വീകരിച്ചിട്ടുള്ളത്. 'ശരിയായാലും തെറ്റായാലും നമ്മുടെ രാജ്യമാണ്' എന്ന മുദ്രാവാക്യം ആദ്യമുണ്ടായത് ഇന്ത്യയിലല്ല. സ്വന്തം രാജ്യം ചെയ്യുന്നതെല്ലാം ശരിയാണെന്നു കരുതുന്ന മനോഭാവവും ഇവിടെയുണ്ടായിട്ടില്ല. രാഷ്ട്രവാദം ശക്തിമത്തായിത്തീർന്നത് പാശ്ചാത്യപ്രേരണകൊണ്ടാണ്."

(സ്വാതന്ത്ര്യവും സംസ്കാരവും, പേജ് 50-51)

കേവലം ഭൂമിശാസ്ത്രപരമായ അതിർരേഖകളിലധിഷ്ഠിതമാണ് ദേശീയത്വം. പൗരാണിക ഭാരതത്തിന്റെ ചരിത്രത്തിൽ ഒരിക്കലും ഭാരതത്തിന് രാഷ്ട്രീയമായൊരേകത്വം കൈവന്നിട്ടില്ലെന്നത് നിർവ്വിവാദമായ ഒരു വസ്തുതയാണ്. തായാട്ടുശങ്കരൻ പറയുന്നത് കാണുക:

"ഭരണപരമായ ഏകത്വം ഇന്ത്യാചരിത്രത്തിൽ എങ്ങുനോക്കിയാലും കാണില്ല. നമ്മുടെ ചരിത്രത്തിന്റെ വേരുകൾ സഹസ്രാബ്ദങ്ങൾക്കപ്പുറം പോകുന്നു. ആര്യന്മാരുടെ കൈയേറ്റത്തിനു മുമ്പ് ഇവിടെയുണ്ടായിരുന്ന ദ്രാവിഡരുടെ സുഘടിതമായ സാമൂഹ്യജീവിതത്തിന്റെ അവശിഷ്ടങ്ങൾ മോഹഞ്ചദാരോവിൽ നിന്നും ഹാരപ്പയിൽനിന്നും നമുക്ക് കിട്ടിയിട്ടുണ്ട്. എന്നാൽ ആ കാലം തുടങ്ങി നമുക്ക് ലഭിച്ചുകഴിഞ്ഞ തെളിവുകൾ വെച്ചു നോക്കിയാൽ ഇന്ത്യ ഒരിക്കലും ഒരൊറ്റ ഭരണത്തിന് കീഴിലായിരുന്നിട്ടില്ലെന്ന് മനസ്സിലാവും..... അതുകൊണ്ട് ദേശീയത്വത്തിന്റെ ആവേശം ഇന്ത്യയുടെ രാഷ്ട്രീയ ചരിത്രത്തിൽനിന്ന് ഉൾക്കൊള്ളുക സാധ്യമല്ല. രക്തം പുരണ്ട മുറിക്കുന്തങ്ങളുടെ കുരുക്ഷേത്രമാണ് അവിടെ കാണുക."(മാനസികമായ അടിമത്തം, പേജ് 134-135)

### ഉദ്ഗ്രഥനവും മുസ്ലിംകളും

ദേശീയോദ്ഗ്രഥനത്തിന് വിഘാതം സൃഷ്ടിക്കുന്ന ഏക വിഭാഗം മുസ്ലിംകളാണെന്നും ഇസ്ലാമിന്റെ തിരോഭാവം മാത്രമേ ഭാരതൈക്യത്തിന് പോംവഴിയുള്ളുവെന്നും ചില വർഗീയ വാദികൾ ഘോഷിക്കുന്നു. മുസ്ലിംകൾ രക്തദാഹികളും അധികാരമോഹികളുമാണെന്നും വൈദേശികമായ ഒരു മത-സംസ്കാരമാണവരുടെ കൈമുതലെന്നും അവർ വാദിക്കുന്നു. മുഹമ്മദ്ബ്നു ഖാസിമിന്റെ സിന്ധാക്രമണം മുതൽ മുഗളരുടെ ആഗമനം വരെയുള്ള മുസ്ലിം രാജാക്കന്മാരുടെ രക്തപങ്കിലമായ പരാക്രമണ പരമ്പരകളുടെ ചിത്രമാണവരുടെ മനസ്സിലുള്ളത്. ഭാരതത്തിൽ ഇസ്ലാമിന്റെ ആവിർഭാവ ചരിത്രമെന്തെന്നും ഇന്ത്യയിൽ പടയോട്ടം നട

ത്തിയ മുസ്‌ലിം നാമധാരികളെല്ലാം ഇസ്‌ലാമിന്റെ പ്രതീകങ്ങളായിരുന്നോ എന്നുമുള്ള പ്രശ്നങ്ങൾ അവർ സൗകര്യപൂർവം വിട്ടുകളഞ്ഞിരിക്കുന്നു.

## ഇസ്‌ലാമും ഇന്ത്യയും

ഉത്തരേന്ത്യയിൽ ചില മുസ്‌ലിം ആക്രമണകാരികൾ നടത്തിയ നിണമണിഞ്ഞ പരാക്രമങ്ങൾ പർവതീകരിച്ചു കാണിക്കുവാൻ ശ്രമിക്കുന്ന പലരും, ദക്ഷിണേന്ത്യയിൽ സൗഹാർദ്ദ പൂർണ്ണമായ ഇസ്‌ലാമിന്റെ വരവേല്പിനെക്കുറിച്ച് മൗനം ഭജിക്കുകയാണ് പതിവ്. സഹസ്രാബ്ദങ്ങളായി ഭാരതവും അറേബ്യയും തമ്മിൽ നിലനിന്നു പോന്നിരുന്ന വിപുലമായ വാണിജ്യ ബന്ധം അനിഷേധ്യമായൊരു ചരിത്ര വസ്തുതയാണ്. ചരിത്ര ഗവേഷകന്മാർ രേഖപ്പെടുത്തിയതു പോലെ മൂസാനബി (അ) യുടെ കാലം മുതൽ നിർവ്വിഘ്നം നിലനിന്നു പോന്നിരുന്ന ഈ ബന്ധം ഇസ്‌ലാമിന്റെ ആവിർഭാവ കാലത്ത് പൂർവ്വാധികം ശക്തി പ്രാപിച്ചിരുന്നു. പ്രവാചകൻ(സ) തിരുമേനിയുടെ ജീവിതകാലത്തുതന്നെ യമൻ, ഹളറമൗത്ത് തുടങ്ങിയ തീരപ്രദേശങ്ങളിലെ വണിക്കുകളായ അറബികൾ ഇസ്‌ലാം മതം സ്വീകരിക്കുകയും ഇന്ത്യയിലേക്ക് വരികയും ചെയ്തു. അഹോവൃത്തിക്ക് വ്യാപാരം നടത്തുന്നതോടൊപ്പം മനുഷ്യ സഹോദരങ്ങളിൽ തങ്ങളുടെ വിശ്വാസാദർശങ്ങളുടെ വെൺപ്രഭ പരത്തുവാൻ അവർ മറന്നില്ല. ചാതുർവർണ്യത്തിലധിഷ്ഠിതമായ ഉച്ചനീചത്വങ്ങളുടെ തിക്ത യാതനകൾ അനുഭവിച്ചിരുന്ന ഭാരതീയർ ഇസ്‌ലാമിന്റെ സമത്വസുന്ദരമായ ജീവിത ദർശനത്തിലാകൃഷ്ടരായി. പ്രലോഭനങ്ങളോ ദണ്ഡനങ്ങളോ ഇല്ലാത്ത സൗഹാർദ്ദസമ്പൂർണമായ ഒരന്തരീക്ഷത്തിലാണ് ഇസ്‌ലാം ആദ്യമായി ഭാരത മണ്ണിൽ കാൽകുത്തിയത്. നൂറ്റാണ്ടുകാളായി ദക്ഷിണേന്ത്യയിൽ നിലനിന്നു പോന്നിരുന്ന ഹിന്ദു-മുസ്‌ലിം മൈത്രി ഈ സൗഹാർദ്ദത്തിന്റെ സുന്ദര പ്രതീകമാണ്. സ്വഛസുന്ദരമായ ഈ സൗഹാർദ്ദാന്തരീക്ഷത്തെ വിഷകലുഷിതമാക്കാൻ തീവ്രയത്നം ചെയ്യുന്ന കശ്മലഹൃദയരുടെ കാര്യം ഇവിടെ മറക്കുന്നില്ല.

ഉത്തരേന്ത്യയിലെ ഇസ്‌ലാംമത പ്രവേശനത്തെ ക്കുറിച്ച തെറ്റായ ചരിത്രമാണ് പലരിലും ഇസ്‌ലാമിനെക്കുറിച്ച അവജ്ഞ ജനിപ്പിച്ചിട്ടുള്ളത്. ധനക്കൊതിയും അധികാര പ്രമത്തതയും കൈമുതലായി ഉത്തര ഭാരതത്തിനു നേരെ ആക്രമണങ്ങൾ നടത്തിയ മുസ്‌ലിം രാജാക്കന്മാർ കാട്ടിക്കൂട്ടിയ പരാക്രമങ്ങൾ മതഭ്രാന്തായി ചിത്രീകരിക്കപ്പെടുന്നു. ഇസ്‌ലാം മത പ്രചരണത്തിനു വേണ്ടി ഒരൊറ്റ മുസ്‌ലിം രാജാവും ഇന്ത്യയെ ആക്രമിച്ചിട്ടില്ല എന്നതാണ് സത്യം. ഹജ്ജാജുബ്നു യൂസുഫിന്റെ കാലത്ത് സിന്ധ് ആക്രമിച്ച മുഹമ്മദ്ബ്നു ഖാസിം പോലും ഇതിന്നപവാദമല്ല. ചരിത്ര ഗ്രന്ഥങ്ങൾ ഘോഷിക്കും പോലെ, അദ്ദേഹത്തിന്റെ യുദ്ധം മത പ്രചരണത്തിനു വേണ്ടിയായിരുന്നില്ല, പ്രതിരോധാത്മകമായിരുന്നു. 'മതവും ഖണ്ഡവും' എന്ന ഗ്രന്ഥത്തിൽ പറയുന്നു:

"ദാഹിർ രാജാവിന്റെ ഭരണകൂടം മുസ്‌ലിംകളെ കൊല്ലുകയും കൊള്ളയടിക്കുകയും ചെയ്യുന്നത് അനുവദനീയമായി മനസ്സിലാക്കുകയും മുസ്‌ലിംകളുടെ കച്ചവട കപ്പലുകളെ സിന്ധ് തീരത്തുവെച്ച് കൊള്ളയടിക്കുകയും സ്ത്രീകളേയും കുട്ടികളേയും വധിക്കുകയും ചെയ്തപ്പോൾ ഇസ്‌ലാമിക ഖലീഫ ഈ അഹിതവൃത്തികളിലേക്ക് ദാഹിർ രാജാവിന്റെ ശ്രദ്ധ ക്ഷണിച്ചു. പക്ഷെ, രാജാവ് നഷ്ടപരിഹാരത്തിന്റെയും ക്ഷമായാചനത്തിന്റെയും കാര്യങ്ങൾ ശ്രദ്ധിച്ചതുതന്നെയില്ല. അതിനാൽ ക്രി. 712ൽ ഹജ്ജാജുബ്നു യൂസുഫിന്റെ കല്പനയനുസരിച്ചു മുഹമ്മദ്ബ്നു ഖാസിം സിന്ധാക്രമിക്കുകയും ദാഹിർ രാജാവിനെ തന്റെ അക്രമപ്രവർത്തനങ്ങളുടെ ഫലമാസ്വദിപ്പിക്കുകയും ചെയ്തു."

(ഇന്ത്യാ ചരിത്രത്തിന്റെ രണ്ടു മുഖങ്ങൾ, പേ:50)

ഉത്തരേന്ത്യയിൽ ആക്രമണം നടത്തി ക്ഷേത്രങ്ങൾ കൊള്ളയടിച്ച് തിരിച്ചു പോയവരായി ചരിത്രം ചിത്രീകരിക്കുന്ന മഹ്മൂദ് ഘജനിയും ശിഹാബുദ്ദീൻ ഘോറിയും ഇസ്‌ലാമികാദർശത്തിന്റെ പ്രചാരകരായിരുന്നില്ല. ചരിത്രകാരനായ ജവഹർലാൽ, മഹ്മൂദ് ഘജനിയെക്കുറിച്ചു പറയുന്നതു കാണുക:

"...ഇന്ത്യയിൽ ഇസ്‌ലാം മതം പ്രചരിപ്പിക്കാൻ വന്ന മഹാനായൊരു മഹമ്മദീയ നേതാവായി അയാളെ കരുതുന്നവരുണ്ട്. എന്നാൽ അയാൾ യഥാർഥത്തിൽ ഒരു മതവിശ്വാസിയേ ആയിരുന്നില്ല. അയാളൊരു മുഹമ്മദീയനായിരുന്നുവെങ്കിൽ അത് യാദൃച്ഛികമായിട്ടു മാത്രമാണ്. അയാൾ ഉഛൃംഖലനായൊരു യോദ്ധാവായിരുന്നു. പല യോദ്ധാക്കളേയും പോലെ കൊള്ളക്കും ദിഗ്വിജയത്തിനും വേണ്ടിയാണ് അയാൾ ഇന്ത്യയിലേക്കു വന്നത്. ഏതുമതത്തിൽപെട്ടവനായിരുന്നാലും അയാൾ അത് ചെയ്യുമായിരുന്നു താനും."

(വിശ്വചരിത്ര സംഗ്രഹം, പേ:77)

ശിഹാബുദ്ദീൻ ഘോറിയുടെ ആക്രമണത്തേയും അനന്തരമുണ്ടായ രക്തച്ചൊരിച്ചിലിനേയും കുറിച്ച് നെഹ്റു പറയുന്നു:

"...അങ്ങനെ ജനങ്ങളെ അമർത്തുന്നതിന് പലപ്പോഴും കൂട്ടക്കൊലകൾ വേണ്ടിവന്നു. ഒരു മുസൽമാൻ ഒരു ഹിന്ദുവിനെ അയാളുടെ മതം മാത്രം മുൻനിറുത്തി കൊന്നുകളയുകയെന്ന പ്രശ്നമേ ഇവിടെയില്ല. വിദേശീയനായൊരു വിജേതാവ് താൻ ജയിച്ചു കീഴടക്കിയ ആളുകളുടെ മനോധൈര്യത്തെ തകർക്കുന്നതിന് എടുത്ത നടപടികളായിട്ടു മാത്രമേ ഇവയെ എടുത്തുകൂടൂ."

(വിശ്വചരിത്ര സംഗ്രഹം, പേജ് 94,95)

## ഇസ്‌ലാമിന്റെ സംഭാവന

ഇസ്‌ലാമിന്റെ ആവിർഭാവം ഭാരതത്തിൽ ഒരു നവോന്മേഷത്തിന്റെ ശോഭ പരത്തി. കാലാനുഗതമായി അധിനിവേശം ചെയ്ത ജനസഞ്ചയങ്ങളിൽനിന്നുടലെടുത്ത ഭാരതീയ സംസ്കാരത്തിൽ ഇസ്‌ലാമും അനിഷേധ്യമായ സംഭാവനകൾ നൽകുകയുണ്ടായി. ജവഹർലാൽ പറയുന്നു:

"ഇസ്‌ലാം ഇന്ത്യയെ ശക്തിയായി ഒന്നു പിടിച്ചു കുലുക്കി; അധോമുഖമായിക്കിടന്നിരുന്ന ഒരു സമുദായത്തിൽ അത് പുതിയൊരു ഓജസ്സും പുരോഗമന കാംക്ഷയും ഉളവാക്കി. അധോമുഖവും ജീർണ്ണപ്രായവും, ആവർത്തനത്താലും അതിവിസ്താരത്താലും നിശ്ശേഷടവും ആയിക്കഴിഞ്ഞ ഹൈന്ദവകലകൾക്ക് ഉത്തരേന്ത്യയിൽ ഒരു മാറ്റം സംഭവിച്ചു. ഇന്തോ-മുസ്‌ലിം എന്നു വിളിക്കാവുന്ന, ശക്തിയും ചൈതന്യവും തുളുമ്പുന്ന പുതിയൊരു കലാവിശേഷം ക്രമേണ രൂപമെടുത്തു."

(വിശ്വചരിത്ര സംഗ്രഹം, പേജ് 94-95)

ഒരിക്കലും അടർത്തിയെടുക്കാൻ കഴിയാത്തവിധം മുസ്‌ലിംകൾ ഭാരതമണ്ണിനോട് ഇഴുകിച്ചേർന്നിരിക്കുന്നു. ഭാരതത്തിൽ മുളച്ചുപൊങ്ങിയതെന്ന് അവകാശപ്പെടാവുന്ന ഒരു ജനതയും സംസ്കാരവും ഇവിടെയില്ലാത്തിടത്തോളം കാലം മുസ്‌ലിംകളെ വിദേശികളും ഇസ്‌ലാമിക സംസ്കാരത്തെ വൈദേശികവുമാക്കിച്ചിത്രീകരിക്കാൻ ആർക്കും അധികാരമില്ല.

## മുസ്‌ലിംകളും ഇന്ത്യൻ സ്വാതന്ത്ര്യ സമരവും

മുസ്‌ലിംകൾക്കെതിരിൽ പ്രചണ്ഡമായ ആരോപണങ്ങൾ തൊടുത്തു വിടുന്നവർ പലപ്പോഴും ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തെയും ഇന്ത്യാ-പാക് വിഭജനത്തെയും വലിച്ചുകൊണ്ടു വരാറുണ്ട്. മുസ്‌ലിംകൾ സ്വാതന്ത്ര്യസമരത്തിനെതിരായിരുന്നുവെന്നും ഇന്ത്യാ പാക് വിഭജനത്തിനുത്തരവാദികൾ മുസ്‌ലിംകളായിരുന്നുവെന്നും പ്രചരിപ്പിക്കപ്പെടുന്നു. ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന്റെ ബാലപാഠമറിയുന്നവർ ആരും മുസ്‌ലിംകൾ അതിൽ വഹിച്ച ഐതിഹാസികമായ പങ്കിനെക്കുറിച്ച് അജ്ഞരാവാൻ തരമില്ല. ബങ്കാൾ ഉൾക്കടലിന്റെ പൂർവ്വാന്ത്യത്തിൽ സ്ഥിതിചെയ്യുന്ന അന്തമാൻ ദ്വീപും അതിൽ തലയുയർത്തിനിൽക്കുന്ന ഭീകരമായ സെല്ലുലാർ ജയിലും സ്വാതന്ത്ര്യസമരത്തിൽ മുസ്‌ലിംകൾ അനുഭവിച്ച നാരകീയ യാതനയുടെ മൂകസാക്ഷിയത്രെ.

തിരുത്തിയെഴുതാൻ കഴിയാത്ത സ്വാതന്ത്ര്യസമരത്തിൽ മുസ്‌ലിംകളെക്കൂടി സജീവമായി സംബന്ധിപ്പിച്ചത് ഗാന്ധിജിയും കോൺഗ്രസ്സും ചെയ്ത ഒരു മഹാ പാതകമായിക്കാണുന്നവരുണ്ട്. ഗാന്ധിജിയെയും കോൺഗ്രസിനെയും ആക്ഷേപിച്ചുകൊണ്ട് പുത്തേഴൻ എഴുതുന്നത് കാണുക:

"ഹിന്ദുക്കളും മുഹമ്മദീയരും ഒന്നുചേർന്നും ഒരു കയ്യായും പ്രവർത്തിച്ചാലല്ലാതെ ഇന്ത്യയുടെ സ്വാതന്ത്ര്യം ഉണ്ടാകുന്നതല്ലെന്നുള്ള ഒരു ധാരണ ആദ്യം മുതൽക്കു തന്നെ ഉരുവിടീച്ചും, അടിച്ചു കയറ്റിയും ഒരു തരം അധമമനഃസ്ഥിതി ഹിന്ദുക്കളിൽ ഒട്ടാകെ വരുത്തിവെച്ചു, അവരുടെ ഭൂരിപക്ഷവും പൂർവ്വചരിത്രവും ഒന്നും വിലയില്ലാത്തവയാക്കിത്തീർത്തു. പണ്ടത്തെ ആ രാഷ്ട്രബോധം, ശിവജിയും റാണാ പ്രതാപസിംഹനും മറ്റും ഉദ്ദീപിപ്പിക്കുവാൻ ഉൽസാഹിച്ചതായ സത്യസാത്വിക രാഷ്ട്രീയബോധത്തെ ഊതിക്കത്തിക്കുകയല്ല തല്ലിക്കെടുത്തുകയും വെള്ളമൊഴിച്ച് നശിപ്പിക്കുകയുമാണുണ്ടായത്. അതിന്റെ ഫലമാണിന്ന് സ്വാതന്ത്ര്യം കൈവന്നിട്ടും മുഹമ്മദീയർ ഭാഗിച്ചു പിരിഞ്ഞുപോയിട്ടും, ഹിന്ദു ഇന്ത്യ ഏതിന്ത്യയാണെന്ന് വ്യവസ്ഥപ്പെടാതെ ആർക്കും യഥേഷ്ടം കൂത്താടാനുള്ള രംഗമായിക്കിടക്കുന്നത്." (ഒരു രാഷ്ട്രവും ജനതയും, പേജ് 17-18)

ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൽ നിന്ന് മുസ്‌ലിംകളെ അകറ്റിനിർത്തുകയും സ്വാതന്ത്ര്യ പ്രഖ്യാപനശേഷം ഭാരതത്തെ 'ഹിന്ദുരാജ്' ആയി പ്രഖ്യാപിക്കയുമായിരുന്നു രാഷ്ട്ര നേതാക്കൾ ചെയ്യേണ്ടിയിരുന്നതെന്നർത്ഥം. അദ്ദേഹം അക്കാര്യം വികാരവിജൃംഭിതനായി വീണ്ടും ആവർത്തിക്കുന്നു:

"ഇന്നത്തെ സ്ഥിതിക്ക് മറ്റാരും ഉത്തരവാദികളല്ല. ബ്രിട്ടീഷുകാർ കെട്ടുകെട്ടി നാടുവിട്ടു; മുഹമ്മദീയർ അവരുടെ ആളോഹരി കണക്കു പ്രകാരം ഉപ്പുചിരട്ട വരെ വാങ്ങിച്ചു തിരിച്ചുപോയി. മുഹമ്മദീയരുടെ വരവുകാലത്തുണ്ടായിരുന്ന ഭാരതവർഷത്തിന്റെ സ്ഥിതി-രാഷ്ട്രീയ സ്ഥിതി- സ്വതന്ത്രേന്ത്യക്ക് കരഗതമായി. അന്ന് നിന്നുപോയതും പിന്നീട് തുടരുവാൻ സാധിക്കാത്തതുമായ രാഷ്ട്രീയ വളർച്ച, തുടരുകയാണിന്ത്യയുടെ ധർമ്മം. അതിനൊരു പ്രതിബന്ധവും അകത്തുമില്ല, പുറത്തുമില്ല." (ഒരു രാഷ്ട്രവും ജനതയും, പേ:18-19)

ഇസ്‌ലാം ഇന്ത്യയിലേക്ക് കാലെടുത്തുവെക്കുമ്പോഴുണ്ടായിരുന്ന ചാതുർവർണ്യാധിഷ്ഠിതമായ സാംസ്കാരിക പൈതൃകത്തിലേക്കും, പരശ്ശതം നാട്ടുരാജ്യങ്ങളായിപ്പകുത്ത ഭാരതത്തിന്റെ രാഷ്ട്രീയ പാരമ്പര്യത്തിലേക്കും രാഷ്ട്രത്തെ തിരിച്ചുകൊണ്ടുവരാനുള്ള ഈ ആഹ്വാനത്തിന് നമോവാകം!

## വിഭജനത്തിനു പിന്നിൽ

അഖണ്ഡഭാരതത്തെ തുണ്ടങ്ങളായി വെട്ടിമുറിക്കുന്നതിനുത്തരവാദി ഇസ്‌ലാമും മുസ്‌ലിംകളുമാണെന്ന് വാദിക്കപ്പെടുന്നു. പാക്കിസ്ഥാൻ സ്ഥാപനം ഇസ്‌ലാമിന്റെയും ഇന്ത്യൻ മുസ്‌ലിംകളുടെയും താൽപര്യങ്ങൾക്കെതിരായിരുന്നുവെന്നതാണ് യാഥാർഥ്യം. ദീർഘദൃഷ്ടിയുള്ള മുസ്‌ലിം നേതാക്കളെല്ലാം അന്നും എന്നും വിഭജനത്തെ എതിർത്തത് അതുകൊണ്ടാണ്. പിന്നെയെങ്ങനെ വലിയൊരു വിഭാഗം മുസ്‌ലിംകൾ അതിനെ അനുകൂലിച്ചു എന്ന ചോദ്യം പ്രസക്തമാണ്. മൗലാനാ അബുൽ കലാം ആസാദ് അതിന് മറുപടി പറയുന്നു:

"പാക്കിസ്ഥാൻ സിദ്ധാന്തം മുസ്‌ലിംകളുടെ താൽപര്യങ്ങൾക്ക് എതിരാണെങ്കിൽ പിന്നെ എങ്ങനെയാണ് വലിയൊരു വിഭാഗം മുസ്‌ലിംകൾ ഈ ആശയത്തിന്റെ നീർചുഴിയിൽ പെട്ടത് എന്ന് ചോദിച്ചേക്കും. ഇതിന്റെ ഉത്തരം, ഹിന്ദുക്കളുടെ ഇടയിലുള്ള ഒരു വിഭാഗം കടുത്ത വർഗീയവാദികളുടെ മനോഭാവത്തിൽ നിന്ന് മനസ്സിലാക്കാം. മുസ്‌ലിംലീഗ് പാക്കിസ്ഥാൻ വാദം കൊണ്ടുവന്ന ഉടനെ അതിന്റെ പിന്നിൽ ലോകത്തെല്ലാമുള്ള മുസ്‌ലിം സമുദായങ്ങളുടെ ഗൂഢാലോചനയുണ്ടെന്ന് അവർക്ക് തോന്നി. മറ്റു മുസ്‌ലിം രാഷ്ട്രങ്ങളോടു ചേർന്നു ഇന്ത്യൻ മുസ്‌ലിംകൾ തങ്ങൾക്കെതിരായി അണിനിരക്കുമെന്ന ഭയം അവർക്ക് വന്നതോടുകൂടി അവർ അതിനെ എതിർക്കുവാൻ തുടങ്ങി.

എതിർപ്പുകൂടിയപ്പോൾ മുറുകെ പിടിക്കുവാനുള്ള വാസന ലീഗും കാണിച്ചു. ഹിന്ദുക്കൾ ഇത്രയധികം ശക്തിയായി എതിർക്കുന്ന സ്ഥിതിക്ക് അതിൽ മുസ്‌ലിംകൾക്ക് ഗുണകരമായ എന്തെങ്കിലും കാണുമെന്ന നിസ്സാരവും എന്നാൽ ഫലപ്രദവുമായ ഒരു ചിന്താഗതി അവർ മുസ്‌ലിംകളുടെ ഇടയിൽ പ്രചരിപ്പിച്ചു. വാകാരതീവ്രത യുക്തിപരമായി ചിന്തിക്കുവാനുള്ള കഴിവിനെ ഇല്ലാതാക്കി." (ഇന്ത്യ സ്വാതന്ത്ര്യം നേടുന്നു, പേ:214)

വിഭജനത്തിന്റെ ചരിത്ര പശ്ചാത്തലത്തിലെ ഇരുണ്ട മുഖങ്ങളെ അനാവരണം ചെയ്യുന്ന ആസാദ് വിഭജനത്തിനുത്തരവാദികൾ പട്ടേലും ജവഹർലാലുമായിരുന്നുവെന്ന് ചൂണ്ടിക്കാട്ടുന്നു. കോൺഗ്രസ്സണികളിലെ ഭിന്നിപ്പുകാരണം ഗാന്ധിജി പോലും അവസാനഘട്ടത്തിൽ വിഭജനത്തെ അംഗീകരിക്കുകയുണ്ടായി. "എന്റെ ശവശരീരത്തിന്റെ മുമ്പിൽ നിന്നുകൊണ്ടല്ലാതെ കോൺഗ്രസ്സിന് വിഭജനത്തെ അനുകൂലിക്കുവാൻ സാധ്യമല്ല; എനിക്കു ജീവനുള്ള കാലം വരെ ഞാൻ ഇന്ത്യ വിഭജിക്കാൻ സമ്മതിക്കില്ല" എന്ന് പ്രഖ്യാപിച്ച ഗാന്ധിജി വിഭജനത്തെ അനുകൂലിച്ചത് ആസാദ് ഖേദപൂർവ്വം അനുസ്മരിക്കുന്നു.

വിഭജനം ഇന്ത്യൻ മുസ്‌ലിംകൾക്ക് എന്ത് നേട്ടമുണ്ടാക്കി എന്ന കാര്യം കൂടി അദ്ദേഹം വിശകലനം നടത്തുന്നു:

"ഇന്ത്യയിലെ മുസ്‌ലിംകളുടെ നില കൂടുതൽ ദുർബലമാക്കുകയാണ് പാക്കിസ്ഥാൻ രൂപീകരണം കൊണ്ടുണ്ടായിട്ടുള്ളത്. ഇന്ത്യയിലുണ്ടായിരുന്ന നാലരക്കോടി മുസ്‌ലിംകൾ ബലഹീനരായി. മാത്രവുമല്ല, സുശക്തവും കാര്യക്ഷമതയുള്ളതും ആയ ഒരു ഗവൺമെന്റ് പാകിസ്ഥാന് ഉണ്ടാകുമെന്നുള്ളതിന്നും യാതൊരു ലക്ഷണവുമില്ല. മുസ്‌ലിംകളെ സംബന്ധിച്ചിടത്തോളം ദൗർഭാഗ്യകരവും നൈരാശ്യജനകവുമായ ഒരു സംഭവവികാസമാണ് പാക്കിസ്ഥാൻ രൂപീകരണമെന്ന വസ്തുത ഒരു മുസ്‌ലിമിന്റെ

വീക്ഷണകോണത്തിൽകൂടി നോക്കിയാലും നിഷേധിക്കാനാവില്ല.

(ഇന്ത്യ സ്വാതന്ത്ര്യം നേടുന്നു, പേ: 336 –337)

**ഇനിയെന്തുവേണം?**

ഭാരതമണ്ണിന്റെ ജന്മത്തീരെടുത്ത ഒരു പ്രത്യേക ജനവിഭാഗവും ഇവിടെയില്ലാത്തതിനാൽ, ദേശീയ മാത്രമെന്ന് വിശേഷിപ്പിക്കപ്പെടാവുന്ന ഒരു സംസ്കാരത്തിന്റെ അഭാവത്തിൽ ദേശീയോദ്ഗ്രഥനം എങ്ങനെ സാധിക്കും? മനുഷ്യസൗഹൃദത്തിലും മത സഹിഷ്ണുതയിലും അധിഷ്ഠിതമായ മാനസിക പരിവർത്തനമാണിന്നാവശ്യം. മത–ഭാഷാ–വർഗങ്ങൾക്കിടയിൽ ഉച്ചനീചത്വം കൽപ്പിക്കാത്ത, 'സത്യം, സമത്വം, സ്വാതന്ത്ര്യം' എന്ന മുദ്രാവാക്യം അന്വർത്ഥമാക്കുന്ന ഒരു രാഷ്ട്രീയ സമീപനം മാത്രമേ, സംഘർഷത്തിന്റെ കരിനിഴലിൽ കഴിയുന്ന ഭാരതത്തെ രക്ഷിക്കൂ. അവസാനമായി ഡോക്ടർ രാധാകൃഷ്ണന്റെ ആഹ്വാനം ശ്രവിക്കുക:

"ഭാരതം ഒരു മതേതര രാഷ്ട്രമാണ്. പക്ഷെ അതിന്റെ അർത്ഥം, അദൃശ്യമായ ഒരു ശക്തിവിശേഷത്തിന്റെ യാഥാർഥ്യത്തെയോ മതത്തിന്റെ പ്രസക്തിയെയോ നാം പരിത്യജിക്കുന്നുവെന്നല്ല. മതമില്ലാത്ത അവസ്ഥയെ നാം വാഴ്ത്തുന്നുവെന്നും അതിന്നർത്ഥമില്ല. മതേതരത്വം തന്നെ ഇവിടെ ഒരു മതമായി ത്തീർന്നിരിക്കുന്നുവെന്നോ, ദൈവികമായ കാര്യങ്ങളിലും രാഷ്ട്രം ഇവിടെ വിശേഷാധികാരം സ്ഥാപിച്ചിരിക്കുന്നുവെന്നോ, അതിന്നർഥമില്ല.... ഒരു മതത്തിനും പ്രത്യേക മുൻഗണനയോ ഔൽകൃഷ്ട്യമോ നൽകരുതെന്നും രാഷ്ട്രീയ ജീവിതത്തിൽ ഒരു മതത്തിനും പ്രത്യേകാനുകൂല്യങ്ങൾ അനുവദിക്കരുതെന്നും ആണ് നമ്മുടെ ദൃഢാഭിപ്രായം..... മറ്റുള്ളവർക്ക് അവകാശങ്ങളും ആനുകൂല്യങ്ങളും നിഷേധിച്ചു കൊണ്ട്, ഒരു പൗരവിഭാഗവും അവ സ്വന്തമായി അപഹരിച്ചെടുത്ത് ആസ്വദിക്കരുത്. ഏതെങ്കിലുമൊരു പ്രത്യേക മത വിശ്വാസത്തെ അവലംബിക്കുന്നതു കൊണ്ട് ഒരു മനുഷ്യനും വികസിക്കാനുള്ള അവസരം നിഷേധിക്കപ്പെടുകയോ വിവേചനം അനുഭവിക്കേണ്ടി വരികയോ ചെയ്യരുത്. മറിച്ച് പൊതുവായ രാഷ്ട്ര ജീവിതത്തിൽ എല്ലാവർക്കും ഒരുപോലെ പരമാവധി പങ്കുചേരാനുള്ള സ്വാതന്ത്ര്യം ഉണ്ടായിരിക്കണം."

●